30 ദിവസത്തിനുള്ളിൽ ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തി തഹസിൽദാർ സർട്ടിഫിക്കറ്റ് നൽകുന്നു. 5000 രൂപയിൽ കൂടുതൽ വരുന്ന സന്ദർഭങ്ങളിൽ സിവിൽ കോടതിയിൽ നിന്നും സക്സഷൻ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.

(ഇ & എഫ്) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ഇത് സംബന്ധിച്ച നിർദ്ദേശം അടങ്ങിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. †

(എച്ച്) ഇക്കാര്യം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

കുത്തകപ്പാട്ടത്തിന്റെ കാലാവധി

108 [1047] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലാവധി കഴിഞ്ഞ കുത്തകപാട്ടം പുതുക്കിക്കൊടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ :

(ബി) കുത്തകപാട്ട അടിസ്ഥാനത്തിൽ കൃഷിഭൂമി കൈവശം വച്ചിരിക്കുന്ന എത്ര കൃഷിക്കാരുണ്ട് ;

(സി) കുത്തകപ്പാട്ടം പുതുക്കി നൽകുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

നെയ്യാറ്റിൻകര താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റി

109 [1048] ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റി കഴിഞ്ഞ രണ്ട് തവണ എന്നൊക്കെ യോഗങ്ങൾ ചേർന്നിരുന്നുവെന്നും പ്രസ്തുത യോഗങ്ങളിൽ എന്തൊക്കെ തീരുമാനങ്ങൾ കൈക്കൊണ്ടുവെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത യോഗങ്ങളുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഇതിനകം എത്ര പേർക്ക് പട്ടയം നൽകിയെന്നും ഇനി എത്ര പേർക്ക് പട്ടയം നൽകാനുണ്ടെന്നും വ്യക്തമാക്കുമോ ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ കമ്മിറ്റി ശുപാർശ ചെയ്ത കേസുകളിൽ പട്ടയം നൽകാനുണ്ടാകുന്ന കാലതാമസത്തിന് കാരണമെന്താണ് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) & (ബി) 24-12-2005-നും 2-2-2006-നും നെയ്യാറ്റിൻകര താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റി യോഗം ചേർന്നിരുന്നു. 24-12-2005-ന് കൂടിയ കമ്മിറ്റിയിൽ 10 സെന്റ് വരെയുള്ളവർക്ക് പട്ടയം നൽകാൻ തീരുമാനമായി. 2-2-2006-ന് കൂടിയ കമ്മിറ്റിയിൽ 19-10-2004, 24-12-2005 എന്നീ മുൻ കമ്മിറ്റികളിൽ 10 സെന്റ് വരെ മാത്രം ഭൂമി പതിച്ചു നൽകിയാൽ മതി എന്ന് എടുത്ത തീരുമാനത്തിൽ മാറ്റം വരുത്തുവാനും നിലവിലുള്ള നിയമമനുസരിച്ച് പതിവ് നടപടി സ്വീകരിക്കുവാനും തീരുമാനിച്ചു.

(സി) 54 പേർക്ക് പട്ടയവും 40 പേർക്ക് കൈവശരേഖയും നൽകി. ബാക്കിയുള്ള 15 പേർക്ക് അസൈൻമെന്റ് ഓർഡർ തയ്യാറാക്കി തുക അടയ്ക്കാൻ കക്ഷികൾക്ക് കത്ത് നൽകി. തുക അടയ്ക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതാണ്.

(ഡി) 76 കേസുകളിൽ ഭൂമി പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി നടപടികൾ നടന്നുവരുന്നു. 183 കേസുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് അനുവാദ പത്രിക ലഭിച്ചിട്ടില്ല. ബാക്കി കേസുകളിൽ സ്ഥലം പരിശോധന നടത്തിയും നാളതു കുടുംബ വാർഷിക വരുമാനവും കുടുംബത്തിലെ വസ്തു വിവരവും തിട്ടപ്പെടുത്തിയും എല്ലാ കേസുകളിലും എത്രയും പെട്ടെന്ന് പട്ടയം നൽകുന്നതിനുള്ള നടപടി നടന്നുവരുന്നു.

പട്ടം വില്ലേജിലെ സർവ്വേ നമ്പർ 2153-ൽപ്പെട്ട ഭൂമി പതിച്ച് നൽകിയത് സംബന്ധിച്ച്

110 [1049] ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പട്ടം വില്ലേജിലെ സർവ്വേ നമ്പർ 2153-ൽപ്പെട്ട 1 ഏക്കർ 20 സെന്റ് പുറമ്പോക്ക് ഭൂമിയിൽ നിന്നും ആരുടെ ഉത്തരവ് പ്രകാരമാണ് മൈനാൻ പണ്ഡാ രാമലിംഗം പണ്ഡിറ്റ് മുതൽ പേർക്ക് ഭൂമി നൽകിയതെന്ന് വ്യക്തമാക്കുമോ ; ടി ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇതേ സർവ്വേ നമ്പരിൽ നിന്നും ഏത് ഉത്തരവ് പ്രകാരമാണ് വിളപ്പിൽ വില്ലേജിലെ കൃഷ്ണമ്മ മകൾ പത്മകുമാരിയുടെ പേരിൽ പട്ടയം നൽകിയതെന്ന് വെളിപ്പെടുത്തുമോ : ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) ഒ.എൽ.സി. 62/97, 76/97 എന്നീ ഉത്തരവുകൾ പ്രകാരം പത്മകുമാരിയുടെ പേരിൽ ഭൂമി പോക്കുവരവ് ചെയ്തു നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആരുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പോക്കുവരവ് ചെയ്ത് നൽകിയതെന്ന് വെളിപ്പെടുത്തുമോ ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly